പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3036 21-8-2017 ലെ മറുപടിക്ക്

## വിയറ്റ് നാമിൽ നിന്നുള്ള കുരുമുളക് ഇറക്കുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>" സി.കെ.നാണു<br>" എ.കെ.ശശീന്ദ്രൻ<br>" കെ.ബി.ഗണേഷ് കുമാർ | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) കീടനാശിനിയുടെ അംശം വളരെ കൂടുതലുള്ള കുരുമുളക് വിയറ്റ്നാമിൽ നിന്നും ശ്രീലങ്ക വഴി വൻതോതിൽ സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ആസിയാൻ കരാറിലും, ഇന്ത്യാ-ശ്രീലങ്ക സ്വതന്ത്ര വ്യാപാര കരാറിലും ഇന്ത്യ അംഗമായതിനാൽ വിയറ്റ്നാമിൽ നിന്നും കുരുമുളക് ശ്രീലങ്കവഴി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുവാനുള്ള സാധ്യതകൾ നിലവിലുണ്ട്. എന്നാൽ 2015-16 വർഷത്തെ അപേക്ഷിച്ച് 2016-17 ൽ ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതി 39% കുറവായിരുന്നു. |
| (ബി) ഇറക്കുമതി ചെയ്ത കുരുമുളക് ഇന്ത്യൻ കുരുമുളകിന്റെ കൂടെ കലർത്തി കയറ്റി അയയ്ക്കുന്ന പ്രവൃത്തി, കേരളത്തിലെ കുരുമുളക് കർഷകരെ ദോഷകരമായി ബാധിക്കുന്നതും അന്താരാഷ്ട്ര തലത്തിൽ ഇന്ത്യൻ കർഷകർക്കും ഉല്പന്നങ്ങൾക്കും മോശമായ പ്രതിച്ഛായയുണ്ടാക്കുന്നതുമായതിനാൽ ഇത് പൂർണ്ണമായും തടയുവാൻ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഇറക്കുമതി ഒഴിവാക്കുന്ന നടപടി കേന്ദ്ര സർക്കാർ പരിധിയിൽ വരുന്ന വിഷയമാണ്. ഇറക്കുമതി ചെയ്യുന്ന കുരുമുളകുൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ ദുരുപയോഗം തടയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

അണ്ടർ സെക്രട്ടറി